പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5565 — 04.07.2013 ന് മറുപടിയ്ക്ക്

## 'ഐ.ടി.ഐ.' കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) 'ഐ.ടി.ഐ.' കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) വിവരസാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വെർച്വൽ ക്ലാസ്സ്റൂം പദ്ധതി 34 സർക്കാർ ഐ.ടി.ഐ. കളിൽ നടപ്പിലാക്കി. എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം വെർച്വൽ ക്ലാസ്സ്റൂം സംവിധാനം ഉപയോഗിച്ച് പരിശീലനം നടത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. പരിശീലനാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളായ എ.സി.ഡി, എം.എം.വി തുടങ്ങിയ 3 ഡി.എം. വിഷ്വൽ ക്ലാസ്സ്റൂം ട്രെയിനിംഗ് പ്രോഗ്രമിലൂടെ പരിശീലനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടനിലക്കാരുടെ സഹായമില്ലാതെ ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്ക് തൊഴിലവസരം ലഭ്യമാക്കാൻ www.skilljobs.kerala.gov.in. എന്ന പേരിൽ ഒരു ജോബ് പോർട്ടൽ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ട്രെയിനികളുടെ അച്ചടക്ക നിലവാരം ഉയർത്തുന്നതിനായി ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ എല്ലാ സർക്കാർ ഐ.ടി.ഐ. കളിലും നടപ്പിലാക്കി. ട്രെയിനികളുടെ അഡ്മിഷൻ മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള എല്ലാ ജോലികളും ഓൺലൈനായി നടപ്പിലാക്കുന്നതിന് 'ടോട്ടൽ ആട്ടോമേഷൻ പദ്ധതി' കെൽട്രോണിന്റെ സഹായത്താൽ നടന്നുവരുന്നു. ഐ.ടി.ഐ.കളുടെ നിലവാരം മെച്ചപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ സഹായത്താൽ നിലവാര പഠനം നടത്തി വരുന്നു. ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനായി മെ.ടൊയോട്ടാ കിർലോസ്കർ ലിമിറ്റഡ്, മെ.വോക്സ് വാഗൺ, മെ. മാരുതി, മെ. ആട്ടോ ഡെസ്ക് എന്നീ പ്രമുഖ കമ്പനികളുമായി വിവിധ സർക്കാർ ഐ.ടി.ഐ. കൾ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി.ഐ. കളിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ട്. ഈ ഐ.ടി.ഐ. കളേതൊക്കെയാണെന്നും ഇവിടെ പരിശീലനം നൽകിവരുന്ന ട്രേഡുകൾ ഏതൊക്കെയെന്നും ഉള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

| ഐ.ടി.ഐ. യുടെ പേര് | ട്രേഡ് |
|---|---|
| 1. ഗവ.ഐ.ടി.ഐ. പള്ളിപ്പാട് ആലപ്പുഴ ജില്ല | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വേയർ |
| 2. ഗവ. ഐ.ടി.ഐ. (വനിത) താഴേക്കോട്, മലപ്പുറം ജില്ല | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രോണിക് മെക്കാനിക്ക് |
| 3. ഗവ. ഐ.ടി.ഐ. കഞ്ഞിക്കുഴി, ഇടുക്കി ജില്ല | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ |
| 4. ഗവ. ഐ.ടി.ഐ. (വനിത) വെസ്റ്റ് എളേരി, കാസർഗോഡ് ജില്ല | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫാഷൻ ടെക്നോളജി, ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ |

മേൽപ്പറഞ്ഞവ കൂടാതെ താഴേപ്പറയുന്ന നിലവിലുള്ള ഐ.ടി.ഐ. കളിലും പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഐ.ടി.ഐ. യുടെ പേര് | ട്രേഡ് |
|---|---|
| 1. ഐ.ടി.ഐ. ചാത്തന്നൂർ | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫിറ്റർ, വെൽഡർ |
| 2. ഐ.ടി.ഐ. (വനിത) ചാലക്കുടി | ഇലക്ട്രോണിക് മെക്കാനിക്ക് |
| 3. ഐ.ടി.ഐ. (വനിത) കോഴിക്കോട് | ഇൻഫർമേഷൻ ടെക്നോളജി & ഇലക്ട്രോണിക് സിസ്റ്റം മെയിന്റനൻസ് (ഐ.റ്റി &ഇ.എസ്സ്.എം) |
| 4.ഐ.ടി.ഐ. (വനിത) നെൻമേനി | ഡ്രാഫ്റ്റ്സ്മാൻ സിവിൽ |
| 5. ഐ.ടി.ഐ. ചന്ദനത്തോപ്പ് | ലിഫ്റ്റ് മെക്കാനിക്ക് |
| 6. ഐ.ടി.ഐ. ആറ്റിങ്ങൽ | മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ |

(സി) സ്വന്തമായി കെട്ടിടമില്ലാത്ത ഐ.ടി.ഐ. കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

(സി) ഐ.ടി.ഐ. കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനകം ട്രെയിനിംഗ് വകുപ്പിന് ഭൂമി കൈമാറിക്കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽപ്പെട്ട എല്ലാ ഐ.ടി.ഐ. കൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ട്. ട്രെയിനിംഗ് വകുപ്പിന് ഭൂമി കൈമാറിയിട്ടും കെട്ടിട നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കാത്തതായി ഒരു ഐ.ടി.ഐ. യും സംസ്ഥാനത്ത് ഇപ്പോൾ ഇല്ല.

സെക്ഷൻ ഓഫീസർ